പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 517

12.06.2012 -ൽ മറുപടിയ്ക്ക്

ഖാദി ക്ലസ്റ്റർ പദ്ധതി

ചോദ്യം

ശ്രീ. കെ. ദാസൻ

ഉത്തരം

സി.എൻ. ബാലകൃഷ്ണൻ
(ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഖാദി ക്ലസ്റ്റർ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | ഖാദി ക്ലസ്റ്റർ നടപ്പാക്കുന്ന ജില്ലകളിലെ ഖാദി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പുതിയ തൊഴിലുപകരണങ്ങൾ സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുക, എല്ലാ യൂണിറ്റുകൾക്കും ഉപയോഗപ്രദമായ രീതിയിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പ്രധാനമായും ഖാദി ക്ലസ്റ്റർ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. |
| (ബി) | ഈ പദ്ധതിയുടെ നടത്തിപ്പിന് സർക്കാർ എത്ര രൂപ നീക്കി വച്ചിട്ടുണ്ട് ; | (ബി) | 2012-13 വർഷം ഈ പദ്ധതിയുടെ നടത്തിപ്പിനായി 1.49 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതി പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നത് ; | (സി) & (ഡി) | ഈ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പ്രവർത്തനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. കോഴിക്കോട് ജില്ലയിലെ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കിയതിന്ശേഷം മാത്രമേ കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതിയെക്കുറിച്ചുള്ള തീരുമാനമാവുകയുള്ളൂ. |
| (ഡി) | കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ